മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

55 (56) ശ്രീ. ജെയിംസ് മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട് എന്നും എത്ര അപേക്ഷകൾ റിപ്പോർട്ടിനായി അയച്ചിട്ടുണ്ട് എന്നും അറിയിക്കുമോ ;

(സി) എത്ര അപേക്ഷകൾ നടപടികൾ പൂർത്തീകരിക്കാനായി അവശേഷിക്കുന്നുണ്ടെന്ന വിവരം നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഡി) എത്ര അപേക്ഷകൾ നടപടികൾ പൂർത്തീകരിക്കാനായി അവശേഷിക്കുന്നുണ്ട് ? ഇവ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി-കാസർഗോഡ് ജില്ല

56 (57) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ കാസർഗോഡ് ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ ലഭ്യമായി എന്ന് വിഷയം തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ജില്ലയിൽ ജനസമ്പർക്ക പരിപാടിക്ക് ഉദ്യോഗസ്ഥരുടേയും ബന്ധപ്പെട്ടവരുടേയും അലവൻസടക്കം എത്ര രൂപ സർക്കാരിന് ചെലവായിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ കാസർഗോഡ് ജില്ലയിലെ 2015 ജനസമ്പർക്ക പരിപാടിയിൽ ആകെ 20,057 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 13,052 അപേക്ഷകളിൽ മുഴുവനായി തീർപ്പാക്കിയിട്ടുണ്ട്.

(സി) ജില്ലയിലെ 2015-ലെ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിനായി 34,84,524 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly